# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3222 | 20.06.2014 ലെ മറുപടിക്ക്

## ഗ്രാമപഞ്ചായത്തുകളില കെട്ടിടനിർമ്മാണചട്ടലംഘനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണ ചട്ടം ലംഘിക്കുന്നത് കണ്ടെത്തുന്നതിനും നടപടികൾ എടുക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പരാതി ലഭിക്കാതെ തന്നെ ഇത്തരത്തിൽ എത്ര ലംഘനങ്ങൾ കണ്ടെത്തിയെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ? | (എ) & (ബി) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 19, 20, 21, 22, 23 എന്നിവയിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ചട്ടം 148 പ്രകാരം എല്ലാ ജില്ലകളിലും അനധികൃത നിർമ്മാണം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ അനധികൃത നിർമ്മാണം നേരിട്ട് പരിശോധിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ കീഴിൽ ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ നേതൃത്വത്തിൽ വിജിലൻസ് സെൽ വിപുലീകരിച്ചിട്ടുണ്ട്. പ്രസ്തുത സെൽ രൂപീകൃതമായതിന് ശേഷം ഗ്രാമപഞ്ചായത്തുകളിൽ പരാതി ലഭിക്കാതെ തന്നെ 32 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അവയ്ക്കെതിരെ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ